(ഇ) 2 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(എഫ്) പ്രത്യാഘാതങ്ങൾ അറിവായിട്ടില്ല.

ഹവാലയുടെ പേരിലുള്ള പോലീസ് പീഡനം

32 [3083] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹവാല കേസിന്റെ പേരുപറഞ്ഞ് പോലീസ് കരുനാഗപ്പള്ളിയിലെ ഗൾഫ് മലയാളികളേയും വസ്തു ഇടപാടുകാരേയും പീഡിപ്പിക്കുന്ന കാര്യം അന്വേഷിക്കുമോ;

(ബി) പോലീസിലെ പ്രത്യേക വിഭാഗത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിജിലൻസ് വകുപ്പിനെക്കൊണ്ട് അന്വേഷിപ്പിക്കുമോ?

ഉത്തരം

(എ) ഹവാല കേസിന്റെ പേരുപറഞ്ഞ് പോലീസ് ആരെയും പീഡിപ്പിച്ചിട്ടില്ല.

(ബി) പോലീസിലെ ഏതെങ്കിലും ഒരു വിഭാഗത്തിന്റെ പ്രവർത്തനങ്ങളെകുറിച്ച് വിജിലൻസ് അന്വേഷണം നടത്തേണ്ടതിന്റെ ആവശ്യമില്ല. പ്രസ്തുത വിഭാഗങ്ങൾ നിയമപ്രകാരമാണ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ ഇതിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പേരിൽ അഴിമതി ആരോപണങ്ങളോ മറ്റോ ഉണ്ടായാൽ അവ നിരീക്ഷിച്ച് ആവശ്യമാണെങ്കിൽ വിജിലൻസിന് അന്വേഷണത്തിനായി കൈമാറുകയും ചെയ്തുവരുന്നു.

വനിതാ സബ് ഇൻസ്പെക്ടർമാരുടെ നിയമനം

33 [3084] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സംസ്ഥാന പോലീസിൽ വനിതാ സബ് ഇൻസ്പെക്ടർമാരെ നേരിട്ട് നിയമിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) ജനസംഖ്യയുടെ പകുതിയിലധികം സ്ത്രീകൾ ഉണ്ടായിട്ടും, മറ്റ് സംസ്ഥാനങ്ങളിലൊക്കെ ഈ തസ്തികയിലേക്ക് വനിതകളെ നേരിട്ട് നിയമിച്ചിട്ടും, കേരളത്തിൽ മാത്രം വനിതാ സബ് ഇൻസ്പെക്ടർമാരെ നേരിട്ട് നിയമിക്കാത്തത് സ്ത്രീകളോട് കാണിക്കുന്ന വിവേചനമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തമിഴ്നാട് പോലെയുള്ള സംസ്ഥാനങ്ങളെ മാതൃകയാക്കി കേരളത്തിലും വനിതാ സബ് ഇൻസ്പെക്ടർമാരെ നേരിട്ട് നിയമിക്കണമെന്ന് കേരള വനിതാ കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly